നം.ഇ.എസ് 1-96513/2016/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.16/02/2017.

# നോട്ടീസ്

വിഷയം -- ആ.വ.ഡ - 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ അന്തിമ സീനിയോറിട്ടി പട്ടികയിൽ ശ്രീ.ജയരാജൻ.പി.എം ന്റെ സീനിയോറിട്ടി റാങ്ക് നം.പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/ തീയതി.27/04/2013.

(2) ശ്രീ.ജയരാജൻ.പി.എം, ജെ.എച്ച്.ഐ ഗ്രേഡ് 2 പി.എച്ച്.സി നടത്തറ സമർപ്പിച്ച അപേക്ഷ.

(3) നം.എ4-13263/16/ജി.മെ.ആ, തൃശ്ശൂർ/തീയതി. 07/12/2016.

സൂചന ഒന്ന് (1) പ്രകാരം പ്രസിദ്ധീകരിച്ച 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെ റാങ്ക് പട്ടികയിൽ റാങ്ക് നം.1077 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.ജയരാജൻ.പി.എം പ്രസ്തുത സീനിയോറിട്ടി പട്ടികയിൽ നിയമന ശുപാർശ തീയതിയും ജില്ലയും തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിനാൽ സീനിയോറിട്ടി പട്ടികിയിൽ നിയമന ശുപാർശ തീയതിയിൽ തീരുത്തൽ വരുത്തി റാങ്ക് നമ്പർ പുനഃക്രമീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സൂചന രണ്ട് (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ.ജയരാജൻ.പി.എം ന്റെ സേവനരേഖകൾ പരിശോധിച്ചപ്പോൾ ടിയാളുടെ യഥാർത്ഥ നിയമന ശുപാർശ നമ്പരും തീയതിയും ആർ 1(2) 996/2000 തീയതി.16/01/2004 ആണെന്നും എന്നാൽ സീനിയോറിട്ടി പട്ടികയിൽ ഡി 111(3) 152/2000 തീയതി.20/01/2004/കെ.പി.എസ്.സി/കെ.കെ.ഡി എന്ന് തെറ്റായിട്ട് രേഖപ്പെടുത്തിയിട്ടുള്ള താണെന്നും മനസ്സിലാക്കുന്നു. ആയതിനാൽ സൂചന ഒന്ന് (1) പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിൽ ശ്രീ.ജയരാജൻ.പി.എം ന്റെ നിയമന ശുപാർശ നമ്പരും തീയതിയും ഡി 111(3) 152/2000 തീയതി. 20/01/2004/കെ.പി.എസ്.സി/കെ.കെ.ഡി എന്നതിനു പകരം ആർ 1(2)996/2000/ തീയതി.16/01/2004 എന്ന് തിരുത്തൽ വരുത്തുന്നതിനും ടിയാളുടെ റാങ്ക് നമ്പർ താഴെ പറയും പ്രകാരം താല്ക്കാലികമായി പുനഃക്രമീ കരിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

| പേര് | ജനനത്തീയതി | നിയമന ശുപാർശ തീയതി | യോഗ്യത നേടിയ വർഷം | സർവ്വീസിൽ പ്രവേശിച്ച തീയതി | നിലവിലുള്ള റാങ്ക നം. | താല്ക്കാലികമായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റാങ്ക് നം. |
|---|---|---|---|---|---|---|
| ജയരാജൻ.പി.എം | 16/01/1970 | R1(2) 996/2000 dt.16/01/2004 | May 1999 (SIC) | 06/02/2004 | **1077** | 1060 എ പ്രദീപ്കുമാർ.കെ.എസ് (1060) നും എസ്.ആർ.രാജു (1061) നും ഇടയ്ക്ക് |

പ്രസ്തുത തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളവർ ആയത് 30 ദിവസത്തിനകം ഉചിത മാർഗ്ഗേന ഈ ആഫീസിൽ അറിയിക്കേണ്ടതാണ്. പരാതികളൊന്നും ലഭിക്കാത്തപക്ഷം ടി തീരുമാനം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്).
ഡോ.എ.സമീറ
അഡീഷണൽ ഡയറക്ടർ (എ & റ്റി)

സ്വീകർത്താവ്

ശ്രീ.ജയരാജൻ.പി.എം
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2
പി.എച്ച്.സി, നടത്തറ, തൃശ്ശൂർ.

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ഔദ്യോഗിക വെബ്സൈറ്റ്
3) ഇ.ജി സെക്ഷൻ
4) ഫയൽ/സ്റ്റോക്ക് ഫയൽ.

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്.

20/2